(ബി) ഏതെല്ലാം ഏജൻസികളിൽ നിന്ന് ലഭ്യമാവുന്ന ഏതെല്ലാം സാധനങ്ങൾ വിൽപ്പന നടത്തുവാൻ അനുമതിയുണ്ട് ;

(സി) വനിതാ സ്വാശ്രയ സംഘങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങി വിൽപ്പന നടത്തുവാൻ റേഷൻകട ഉടമകൾക്ക് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. പ്രത്യേക കണക്കുകൾ സൂക്ഷിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പൊതുവിതരണ ശൃംഖലയിലൂടെ വിതരണം നടത്തുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, ഗോതമ്പുൽപ്പന്നങ്ങൾ എന്നീ റേഷൻ സാധനങ്ങൾ ഒഴിച്ചു മറ്റെല്ലാ അവശ്യസാധനങ്ങളും റേഷൻ ഷോപ്പുകളിൽകൂടി വിൽക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഏതെങ്കിലും ഏജൻസികളിൽ നിന്നും സാധനങ്ങൾ വാങ്ങണമെന്നോ വാങ്ങരുതെന്നോ നിർദ്ദേശിച്ചിട്ടില്ല. അത്തരത്തിൽ നിർദ്ദേശങ്ങൾ നൽകുന്നത് ശരിയായിരിക്കില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിറുത്തലാക്കിയ ഗോഡൗണുകൾ

47 (1842) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സിവിൽ സ്പ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകൾ നിറുത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ഗോഡൗണുകളെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ ;

(ബി) ഇവ നിറുത്തലാക്കുന്നതോടുകൂടി പകരം ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(സി) പകരം സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി കോർപ്പറേഷന് ഉണ്ടാകുന്ന അധിക ബാദ്ധ്യത എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കോർപ്പറേഷന്റെ എത്ര താലൂക്ക് ഡിപ്പോകൾ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ പൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. താഴെപ്പറയുന്ന 7 ഗോഡൗണുകൾ നിർത്തലാക്കിയിട്ടുണ്ട്.

1. വള്ളക്കടവ്
2. ശാസ്താംകോട്ട
3. മല്ലപ്പള്ളി
4. ആലുവ
5. എടത്വാ
6. കോതമംഗലം
7. കൊടുങ്ങല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോർപ്പറേഷന്റെ പ്രവർത്തനത്തിന് അത്യാവശ്യമില്ലാത്ത ഗോഡൗണുകളാണ് നിർത്തൽ ചെയ്തിരിക്കുന്നത്. ഇതേ തുടർന്ന് ഇവ വഴി നടത്തിയിരുന്ന ഇടപാടുകൾ തൊട്ടടുത്ത താലൂക്ക് ഡിപ്പോകൾ വഴി നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

(സി) അധിക ബാദ്ധ്യത ഉണ്ടാവുന്നില്ല.

(ഡി) 6 എണ്ണം.

കരുനാഗപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം

48 (1843) ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് കരുനാഗപ്പള്ളിയിലുള്ള സ്ഥലത്ത് സ്വന്തമായി ഗോഡൗൺ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ ഈ സ്ഥലം പ്രയോജനപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. എന്നാൽ ടി സ്ഥലത്തുകൂടി നടവഴി ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശവാസികൾ കോടതിയിൽ സമർപ്പിച്ച ഒരു കേസ് നില നിന്നിരുന്നതിനാൽ പദ്ധതിക്ക് അന്തിമരൂപം നൽകാനായിട്ടില്ല.

(സി) ഉദിക്കുന്നില്ല.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഹെൽപ്പർമാരുടെ നിയമനം

49 (1844) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എത്രപേരെ പുനർ വിന്യാസം വഴി ഹെൽപ്പർമാരായി നിയമിച്ചുവെന്ന് അറിയിക്കാമോ ?

ഉത്തരം

ആരെയും നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly